
# OUR LADY’S CONVENT GIRLS’ HIGHER SECONDARY SCHOOL PALLURUTHY, THOPPUMPADY,

Since 1935

# ROUTER





# OUR LADY’S CONVENT GIRLS’ HIGHER SECONDARY SCHOOL

## PALLURUTHY, THOPPUMPADY

### KOCHI-682006, ERNAKULAM

**2019-2020**



*We invoke the blessings of*
*Our Lady of Miracles*
*&*
*Blessed Mary of the Passion*
*Foundress of the Fransiscan Missionaries of Mary*



# EDITORIAL

**"Dance above the surface of the world. Let your thoughts lead you into creativity that is not hampered by opinion"**

RED HAIR CROW

Little Kites of Our Lady's Convent Girls' HSS, Thoppumpady is indeed proud to present the first digital magazine, a milestone in the history of the school .

It is a sincere effort to upload the thoughts and feelings ,loaded in the young minds. As an internet router that forwards data packets between the computers and networks, our ROUTER is a venture to put forward the data packets of creativity into the e-world and thus reach out to the millions.

We extend our sincere thanks to the Headmistress Rev. Sr.Moli.V.D. for giving us all the support and guidance. We also express our gratitude to Kite Mistresses Mrs.Mary Serene teacher and Mrs.Mamatha Margret teacher who motivated and helped us to make this a reality.

Sanusha Umesh & Deniya Maria

## CHIEF EDITORS

DENIYA MARIA
SANUSHA UMESH

## SUB EDITORS

SANJANA MARIA
ANSHIYA C.A

## EDITORIAL BOARD

**Sahla Salim**

**Shabeeba P.B.**

**Ansha Christo**

**Vineetha C.S**

## ADVISORS

**Rev. Sr. Moli Devassy (Headmistress)**

**Mrs. Mary Serene C.J & Mrs. Mamatha Margret Martin**

# Best Wishes From...



*Rev..Sr. Mary John Muringasserry,FMM*
*Corporate Manager.*



*Rev..Sr. Moly Alex, F.M.M*
*School Manager.*

# MESSAGE

***Rev.Sr. Lizzy Chakkalakal F.M.M***

***Principal***



*The vision of Franciscan Missionaries of Mary (F.M.M) Management of Education is the integral and holistic development of every individual. We Our Ladians always keep this vision live and updated and do give our students International standard of education.*

*As soon as ICT was introduced in the public schools we embraced it. Every student in our school has an access to use ICT facilities as our class rooms are transformed to smart class rooms.*

*The very secret of making this advanced facilities available to our students is the team spirit, selfless commitment with creative approach of our staff. Our Little Kites Unit is a visible example for it, as we always respond according to the science of the times giving best to our students.*

*Today I am very happy and proud of our school Little Kites Unit and Mrs. Mary Serene, Mrs. Mamatha Margret who are leading the unit with a smart team. I congratulate and appreciate them for all their hardwork and effort to bring out this digital magazine to a reality.*

# *FROM THE HM'S DESK*

*Rev.Sr.Moli Devassy F.M.M*



The name 'Little Kites' invoke in my mind that the children are meant to soar high like kites. Little Kites provides opportunities to students to bring out their hidden talents in flying colours. The technological world is as such where we can reach out to the world by simply sitting at home. As Our Ladians launch into a new venture of preparing a digital magazine, my prayerful wishes to the editorial board and the participants of this digital magazine. All the best!

# Little Kites












## Guiding Team



# *Arts, Sports & Work experience Club*





# *CONTENT*


| | |
|---|---|
| വിദ്യാലയ ചരിത്രം | 12 |
| സ്കൂൾ പ്രവർത്തന റിപ്പോർട്ട് | 16 |
| ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട് | 19 |
| Freedom | 20 |
| Ada lovelace | 21 |
| സുന്ദരമായൊരു കേരളം | 23 |
| നന്മയുടെ നല്ല പാഠങ്ങൾ | 24 |
| പദപ്രശ്നം | 27 |
| Friend | 28 |
| A Nipped Bud | 29 |
| To My Little Sister | 30 |
| Branches of Science | 31 |
| Sky | 32 |
| Solutions to Global Warming | 33 |
| Riddles | 34 |
| Benefits of Music | 35 |
| Humpi | 36 |
| The Kingdom of Heisenberg | 36 |
| Wonderful Family | 37 |
| Rain | 37 |
| My Parents | 38 |
| Riddles | 39 |
| U.N.D.P | 40 |
| Harmony with Nature | 41 |

| | |
|---|---|
| ദുഃഖം | 42 |
| Maths,Maths,Maths.. | 43 |
| Until the every end | 44 |
| The ice man | 45 |
| Pollution | 46 |
| The Little Girl | 47 |
| The pleasant Gift | 48 |
| Nature is everywhere | 49 |
| Have you heard about sundial ? | 50 |
| GOD our loving father | 51 |
| അച്ഛൻ | 52 |
| Mother | 53 |
| Song of love | 54 |
| ഗുരു | 54 |
| പ്രളയം | 55 |
| ദാനം | 55 |
| Kangaroo | 56 |
| Loneliness | 57 |
| दुआ करो | 58 |
| मन | 59 |
| विगणितं वा गणितम ? | 60 |
| Geogebra pattern | 61 |

# വിദ്യാലയ ചരിത്രം



സെന്റ് ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയ പ്രബോധനങ്ങളിൽ നിന്നും പ്രചോദിതമായി മദർ മേരി ഓഫ് ദി പാഷൻ രൂപീകരിച്ച ആദ്യത്തെ അന്താരാഷ്ട്ര സന്യാസിനി സമൂഹം ആണ് ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി. വൈകാരികമായ വികസനത്തിന് പരിശീലനം നൽകി,മറ്റുള്ളവരുമായി സത്യത്തിലും സ്നേഹത്തിലും സഹകരിച്ച നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പെടുക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സ്ഥാപനം.തടസ്സങ്ങളിൽ തളരാത്തതും വിജയങ്ങളിൽ മതിമറക്കാത്തതും വിനയാന്വിതവുമായ അനുസരണത്തിന്റെ ഏകലോതമായിരിന്നു മദർ മേരി ഓഫ് ദി പാഷന്റെ വിശ്വദർശനം.

സമൂഹത്തിൽ സ്ത്രീകൾ ഉയരേണ്ടതിന്റെ ആവശ്യകത മനസിലാക്കിയ അന്നത്തെ ഞങ്ങളുടെ സിസ്റ്റേഴ്സ് ഒരു സ്കൂൾ ആരംഭിക്കാൻ ആഗ്രഹിച്ചു. പ്രീപാരിറ്ററി, ഒന്നാം ക്ലാസ് ഇങ്ങനെ രണ്ടു ക്ലാസ്സുകളോടെ പതിനഞ്ചു വിദ്യാർത്ഥികളും രണ്ടു അധ്യാപകരുമായി 1935-ൽ ഔവർ ലേഡീസ് കോൺവെന്റ് സ്കൂൾ ആരംഭിച്ചു. ഓരോ വർഷവും കുട്ടികളുടെ

എണ്ണം വർദ്ധച്ചുകൊണ്ടേയിരുന്നു. 1941-ൽ എല്ലാ വിധ സംവിധാനങ്ങളുമുള്ള ഒരു ഹൈസ്കൂളായി അത് മാറി.

ക്രിസ്തുവിന്റെ ദൗത്യം തുടർന്നുകൊണ്ടുപോകുന്നതിനു സമർപ്പിക്കപ്പെട്ട ഫ്രാൻസിസ്ക്കൻ മിഷനറീസ് ഓഫ് മേരി സന്യാസസമൂഹം മദർ മേരി ഓഫ് ദി പാഷന്റെ വിദ്യാർഥികളുടെ പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നില്കുന്നവരുടെയും അവഗണിക്കപ്പെട്ടവരുടെയും സമഗ്രമായ വളർച്ച ലക്ഷ്യമാക്കി ആദ്ധ്യാത്മികവും ധാർമികവും സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന് പരിശീലനം നൽകി കൊണ്ട് മറ്റുള്ളവരുമായി സത്യത്തിലും സഹകരിച്ചു നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുവാൻ അവരെ പ്രാപ്തരാക്കുന്നു.

വിദ്യാലയം സ്ഥാപിച്ച കാലത്തു ഈ വിദ്യാലയത്തിൽ എത്തിച്ചേർന്ന കുട്ടികൾ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും പിന്നോക്കം നിന്ന വിഭാഗങ്ങളിൽ പെട്ടവരായിരുന്നു. ആ അവസ്ഥയ്ക്ക് ഇപ്പോഴും വലിയ മാറ്റമൊന്നും സംഭവിച്ചിട്ടില്ല.

1941-ൽ ഹൈസ്കൂൾ വളരുകയും ചെയ്തു.മിസ്സിസ് ഫ്രാൻസീന ജേക്കബ് ആയിരുന്നു ആദ്യത്തെ പ്രധാന അദ്ധ്യാപിക. സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകിയപ്പോൾ പെൺകുട്ടികളുടെ മാത്രം വിദ്യാലയമായി പരിണമിച്ചു.

കാലക്രമേണ ഓലഷെഡിൽനിന്നും ചെറിയ ഒറ്റനിലക്കെട്ടിടത്തിലേക്കു സ്കൂൾ മാറ്റി മട്ടാഞ്ചേരി മുതൽ തോപ്പുംപടി, പള്ളുരുത്തി, ഇടക്കൊച്ചി വരെയുള്ള പ്രദേശങ്ങളിൽ നിന്നും, തീരപ്രദേശമായ ചെല്ലാനം, കണ്ണമാലി എന്നിവിടങ്ങളിൽ പെൺകുട്ടികൾ വിദ്യാഭ്യാസത്തിനായി ഈ സ്ഥാപനത്തിൽ വന്നിരുന്നു.

1951-ലാണ് ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പണി ആരംഭിച്ചത് .വടക്കുംഭാഗത്തു ഒരുനിലയായി ആദ്യം പണിതു പിന്നീട് അതോടു ചേർന്ന് കിഴക്കു ഭാഗത്തും പടിഞ്ഞാറു ഭാഗത്തുമായി കെട്ടിടം പണിതു. 1961-ലാണ് ഇപ്പോഴുള്ള കെട്ടിടത്തിന്റെ അവസ്ഥയിലേക്ക് രൂപാന്തരപ്പെട്ടത് .1961-ൽ പണിപൂർത്തിയായ ഈ കെട്ടിടത്തിന്റെ പ്രത്യേകത ഓരോനിലയിലും ടോയ്‌ലറ്റുകൾ കെട്ടിടത്തിനുള്ളിൽ തന്നെ സമന്വയിപ്പിച്ചിരിക്കുന്നു എന്നതാണ്.രണ്ടാംനിലയുടെ കിഴക്കു ഭാഗത്തു പൂർണമായി സജ്ജീകരിച്ച ഐ.റ്റി.ലാബ് പ്രവർത്തിക്കുന്നു. മൂന്നാം നിലയിൽ സയൻസ്,മാത്സ് ലാബ് പ്രവർത്തിക്കുന്നു.

തോപ്പുംപടി പഴയ പാലത്തിൽ നിന്ന് മുന്നോട്ട് വരുമ്പോൾ കാണുന്ന പഴയ വാട്ടർ ടാങ്കിനു സമീപമുള്ള പ്രശസ്ത തീർത്ഥാടന കേന്ദ്രമായ അത്ഭുത മാതാവിന്റെ പള്ളിയോടു ചേർന്നുള്ള കോൺവെന്റിനോട് ചേർന്നതാണ് ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .സ്കൂളിനോട് തൊട്ടടുത്തായി ഒരു പെട്രോൾ പമ്പും ഫിഷിങ് ഹാർബറും പ്രവർത്തിക്കുന്നു.

നിലവിലുള്ള ചരിത്ര രേഖകളിലൊന്നും തോപ്പുംപടിയെകുറിച്ച യാതൊരു പരാമർശവും കാണുന്നില്ല. പഴയ തോപ്പുംപടി പാലത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതാണ് തോപ്പുംപടിയുടെ ചരിത്രം.വില്ലിങ്ടൺ ഐലന്റിനെ തോപ്പുംപടിയുമായി ബന്ധിപ്പിക്കുന്ന കപ്പൽ വരുമ്പോൾ ഉയർത്താൻ പറ്റുന്ന പാലം ബ്രിട്ടീഷ് സാങ്കേതിക വിദ്യയുടെ സ്മാരകമാണ്.

വേമ്പനാട്ടുകായലിനെ അഭിമുഖീകരിച്ചു കിടക്കുന്ന കൊച്ചിയിലെ പള്ളുരുത്തി ചരിത്ര പ്രസിദ്ധമാണ്. അതുകൊണ്ടു തന്നെ പള്ളുരുത്തിയോട് ചേർന്നുകിടക്കുന്ന ഭാഗങ്ങളിലെ സ്ഥാപനങ്ങളുടെ പേരുകൾക്കൊപ്പം പള്ളുരുത്തി എന്ന് ചേർക്കുന്നരീതി ഇന്നും തുടർന്ന് വരുന്നു.

തോപ്പുംപടിപ്രദേശത്തു രണ്ടു മൂന്നു ജന്മിമാരുടെ ആശ്രിതരും, ടിൻ കമ്പനി,ബ്രണ്ണൻ കമ്പനി,പണ്ടികശാല, മൽസ്യ ബന്ധനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരായിരുന്നു ഇവിടത്തെ ഭൂരിഭാഗം സാധാരണക്കാരും. സ്ത്രീകൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സാഹചര്യം ലഭിച്ചിരുന്നില്ല ഇത്തരം സാമൂഹിക ചുറ്റുപാടിലാണ് എഫ്.എം.എം. സന്യാസി സമൂഹം ഇവിടെ പെൺകുട്ടികൾക്കുള്ള വിദ്യാലയം സ്ഥാപിക്കുന്നത് .

# ലക്ഷ്യങ്ങൾ

ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരി സന്യാസി സമൂഹം മദർ മേരി ഓഫ് ദി പാഷന്റെ വിദ്യാഭ്യാസ ദർശനത്തിനു അനുസൃതമായി വൈകാരികമായ വികസനത്തിന് പരിശീലനം നൽകി,മറ്റുള്ളവരുമായി സത്യത്തിലും സ്നേഹത്തിലും സഹകരിച്ചു നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പെടുക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സ്ഥാപനം.വിദ്യാർത്ഥികളുടെ പ്രത്യേകിച്ച് സാമ്പത്തികമായി പിന്നോക്കം നില്കുന്നവരുടെയും അവഗണിക്കപെട്ടവരുടെയും പ്രതികൂലസാഹചര്യങ്ങളിൽപ്പെട്ടു അവസരങ്ങൾ നഷ്ടപെട്ടവരുടെയും സമഗ്രമായ വളർച്ചയെ ലക്ഷ്യമാക്കി ആധ്യാത്മികവും ധാർമികവും സാമൂഹികവും സാംസ്കാരികവും ബൗദ്ധികവും വൈകാരികവുമായ വികസനത്തിന് പരിശീലനം നൽകി,മറ്റുള്ളവരുമായി സത്യത്തിലും സ്നേഹത്തിലും സഹകരിച്ചു നീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പെടുക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സ്ഥാപനം.

**##########**

# സ്കൂൾ പ്രവർത്തന റിപ്പോർട്ട്

കുടുംബത്തിലും സമൂഹത്തിലും ഉജ്ജ്വല ദീപങ്ങളായി പ്രകാശിക്കേണ്ട പെൺകുട്ടികൾക്ക കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാനുള്ള മനക്കരുത്തും സമഗ്ര വ്യക്തിത്വ വികസനവും നൽകി സംസ്കാര സമ്പന്നമായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് ഈ വിദ്യാലയത്തിനുള്ളത്. റവ.സി.മോളി ദേവസി പ്രധാന അധ്യാപികയായി നേതൃത്വം നൽകുന്ന ഹൈ സ്കൂൾ വിഭാഗത്തിൽ 1677 വിദ്യാർഥികൾ അധ്യയനം നടത്തുന്ന ഇവിടെ 52 അധ്യാപകരും 7 അനധ്യാപകരും സേവനം ചെയ്യുന്ന

2018-19 അധ്യയന വർഷം SSLC പരീക്ഷ എഴുതിയ 312 വിദ്യാർത്ഥികളും ഉപരിപഠനത്തിന് അർഹരാവകയും 19 മിടുക്കികൾ ഫുൾ A+ഗ്രേഡിനും 47 കുട്ടികൾ A,A+ഗ്രേഡിനും അർഹരാവുകയും ചെയ്തു. O L C G H S S മട്ടാഞ്ചേരി ഉപജില്ലയിലെ മികച്ച എയ്ഡഡ് സ്കൂളായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

എം കെ മേത്ത മെമ്മോറിയൽ ഷീൽഡ്, കൊച്ചി നഗരസഭാ വിദ്യാഭ്യാസ അവാർഡ്, കെ.ജെ ഹർഷൽ മെമ്മോറിയൽ അവാർഡ്, മൗലാനാ ആസാദ് ലൈബ്രറി നൽകുന്ന അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ സ്കൂളിനെ തേടിയെത്തി.

2019-ാം അധ്യയനവർഷം പ്രവേശനോത്സവത്തോടെ ആരംഭിച്ച വിജയോത്സവം, സ്വാതന്ത്ര്യദിനാഘോഷം, ഓണം,ക്രിസ്മസ്, റിപ്പബ്ലിക്ക് ദിനം മറ്റു ദിനാചരണങ്ങൾ സമുചിതമായ രീതിയിൽ ആഘോഷിച്ചു

പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ക്ലാസുകൾ , കെ.സി.എസ്.എൽ, വൈ.എസ്.എം, പരിസ്ഥിതി ക്ലബ്, ശാസ്ത്രഗണിതശാസ്ത്ര, ഐ ടി, സ്പോർട്സ് ക്ലബ് തുടങ്ങിയ ക്ലബ്ബുകൾ നമ്മുടെ വിദ്യാലയത്തിൽ കാര്യക്ഷമമായും ക്രിയാത്മകവുമായി പ്രവർത്തിക്കുന്നു.വിദ്യാഭ്യാസവകുപ്പിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് വിദ്യാലയത്തിന്റെ ചുറ്റുവട്ടത്തുള്ള മുതിർന്ന പ്രതിഭകളുമായി ആശയവിനിമയം നടത്തി അവരെ ആദരിക്കുവാനും അവർ പങ്കുവച്ച അനുഭവങ്ങൾ എഴുതി സൂക്ഷിക്കുവാനും കുട്ടികൾ അവസരങ്ങൾ പ്രയോജനപ്പെടുത്തി. മലയാളവിഭാഗം ശ്രീ. എം. വി ബെന്നിയെയും ശാസ്ത്രവിഭാഗം പ്രൊഫ. തൊമ്മച്ചൻ സാറിനെയും കലാവിഭാഗം പ്രശസ്ത

സംഗീത സംവിധായകൻ ശ്രീ. അർജ്ജുനൻ മാഷിനെയും, സിനിമ താരമായ ശ്രീ. പ്രദീപ് പള്ളുരുത്തിയേയും ആദരിക്കുകയുണ്ടായി.

കേരള സർക്കാർ പ്ലാസ്റ്റിക് നിരോധിക്കുന്നതിനു മുൻപേ തന്നെ ഔവർലേഡീസ് സ്കൂളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പാക്കിയിരുന്നു. വിദ്യാർഥികൾ അവരുടെ ജന്മദിനത്തിൽ മിഠായികൾക്കു പകരം പൂച്ചെടികളും പുസ്തകങ്ങളും സമ്മാനമായി നൽകിവരുന്നു. പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ പ്ലാസ്റ്റിക് നാലായി തിരിച്ചു ശേഖരിക്കുന്നു. മാസത്തിൽ ഒരു ദിവസം ബീറ്റ് പ്ലാസ്റ്റിക് ഡേ ആയി ആചരിക്കുകയും ചെയ്യുന്നു. കുട്ടികൾ ശേഖരിച്ച കൊണ്ടുവന്ന 62 കിലോയോളം വരുന്ന പ്ലാസ്റ്റിക് വസ്തുക്കൾ മാതൃഭൂമി സീഡ് പദ്ധതിക്ക് കൈമാറുകയുണ്ടായി. സബ് കളക്ടറുടെ നേതൃത്വത്തിൽ ഐഡിയാസ് ഓൺ റെക്സ് ഓഫ് പ്ലാസ്റ്റിക് എന്ന വിഷയത്തെ ആസ്പദമാക്കി സങ്കടിപ്പിച്ച മത്സരത്തിൽ ഔവർ ലേഡീസ് രണ്ടാം സ്ഥാനവും ക്യാഷ് അവാർഡും നേടി.

വിദ്യാർത്ഥികളിൽ പരിസ്ഥിതി സ്നേഹം വളർത്തുന്നതിനായി Student Empowerment for Environment Development-സീഡ് ക്ലബ് വഴിവിധ്യമായ പദ്ധതികൾ നടപ്പിലാക്കി. നാഷണൽ സെന്റർ ഫോർ ബയോളോജിക്കൽ സയൻസ് ദേശീയ തലത്തിൽ നടത്തിയ സീസൺ ബാച്ച് പ്രോഗ്രാമ്മിലേക്ക് ശാസ്ത്ര അദ്ധ്യാപിക സിസ്റ്റർ റാണി മോൾ അലക്സ് തിരഞ്ഞെടുക്കപ്പെട്ടു.

വിദ്യാർത്ഥികളിലെ മാനസിക പിരിമുറുക്കങ്ങൾക്ക് അയവു വരുത്തി അവരെ ഊർജ്ജസ്വലരാക്കുവാൻ കായിക അദ്ധ്യാപിക അഞ്ജലിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും യോഗ പരിശീലനം നടത്തി വരുന്നു. വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഔവർ ലേഡീസ് സവിശേഷ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

ശ്രീമതി ആശാമോൾ ,ശ്രീമതി ജീന റാണി എന്നിവരുടെ നേതൃത്വത്തിൽ ദുവാനത്തുമ്പികൾ എന്ന പേരിൽ അഖില കേരള ബാലജന സഖ്യത്തിന്റെ പ്രവർത്തനങ്ങൾ ഇവിടെ സർഗാത്മകമായി നടന്നുവരുന്നു.

കരിയർ ഗൈഡൻസ് വ്യക്തിത്വ വികസന പരിശീലനം തുടങ്ങിയ തലങ്ങളിൽ പ്രമുഖരായ വ്യക്തികളുടെ ക്ലാസ്സുകളും സെമിനാറുകളും സങ്കടിപ്പിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അധ്യാപക രക്ഷകർതൃ ബോധവത്കരണ പരിപാടി-മികവുത്സവം നടത്തുകയുണ്ടായി.

പങ്കുവെയ്ക്കലിന്റെയും കരുണയുടെയും ഉന്നത പാഠങ്ങൾ കുട്ടികൾ അഭ്യസിക്കുന്നതിനായി ആകാശപറവകൾ എന്ന സംഘടനയിലൂടെ എല്ലാ ചൊവ്വാഴ്ചയും ഉച്ചഭക്ഷണ പൊതികൾ വിദ്യാർഥികൾക്ക് നൽകിവരുന്നു.

ശ്രീമതി സുനിത പി.എ യുടെ നേതൃത്വത്തിൽ ഹൈസ്കൂൾ തല ഗൈഡിങ് പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുന്നു. ഈ അധ്യയനവർഷം 31-വിദ്യാർഥികൾ

രാജ്യപുരസ്കാർ അവാർഡും 45-വിദ്യാർഥികൾ ത്രിതീയ സോപ്പാനം 40-വിദ്യാർഥികൾ ദ്വിതീയ സോപാൻ പുരസ്കാറും ഏറ്റുവാങ്ങി.

കൊച്ചി എം.എൽ.എ ബഹുമാന്യനായ ശ്രീ. കെ.ജെ മാക്സി ഏർപ്പെടുത്തിയ അക്ഷരദീപം പഠന പ്രൊജക്റ്റ് ഔവർ ലേഡീസിലെ വിദ്യാർഥികൾ പരിശീലിക്കുന്നുണ്ട്. അക്ഷരദീപം പ്രോജക്ടിന്റെ ബേസ്റ്റ് ടീച്ചർ അവാർഡിന് ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് ശ്രീമതി ലില്ലി പോൾ തിരഞ്ഞെടുക്കപ്പെട്ടു.

രണ്ടാം പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയിൽ ഔവർ ലേഡീസ് സ്കൂൾ പങ്ക് ചേർന്നു. എല്ലാം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഗൃഹോപകരണ സാമഗ്രികളും മറ്റവശ്യവസ്തുക്കളും നൽകി അധ്യാപകരും വിദ്യാർത്ഥികളും രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

സ്കൂളിന്റെ പഠന പാഠ്യേതര പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന ശക്തമായ പി.ടി.എ എന്നും കൈത്താങ്ങായി നിലകൊള്ളുന്നു.

കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഗുണപരമായ സാമൂഹിക ഇടപെടലുകൾ നടത്തി വിജ്ഞാനവും മൂല്യങ്ങളും നെഞ്ചിലേറ്റി കാലത്തിനു മുൻപേ ചലിക്കുന്ന ഔവർ ലേഡീസ് സ്കൂൾ 84-വർഷങ്ങൾ പിന്നിടുമ്പോൾ പശ്ചിമ കൊച്ചിയിൽ മാത്രമല്ല ഭാരതത്തിന്റെ തന്നെ എണ്ണപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നായി മാറിയിരിക്കുന്നു.

*******

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്
## 2019-2020

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ കുട്ടികളുടെ ഐ ടി കൂട്ടായ്മ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഹൈ ടെക് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19 അധ്യയന വർഷം രെജിസ്ട്രേഷൻ നടത്തുകയും ജൂണിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് നടത്തിയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട 33 വിദ്യാർത്ഥികൾക്കായി കൈറ്റ് മിസ്ട്രസ് ശ്രീമതി മേരി സെറിനും ശ്രീമതി മമത മാർഗ്രെറ്റിന്റെയും നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചയും വൈകിട്ട് നാലുമണി മുതൽ അഞ്ചുമണി വരെ ക്ലാസുകൾ നടത്തുന്നു.

സ്കൂൾ ഹെഡ്മിസ്ട്രസ് കൺവീനറായും പി. ടി. എ. പ്രസിഡന്റ് ചെയർമാനായും സ്കൂൾ തല നിർവഹണ സമിതി രൂപികരിച്ചു. ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ഔദ്യോഗിക ഉൽഘാടനം 02-07-2019 ന് പ്രശസ്ത സിനിമ താരം ശ്രീ ദിനേശ് പ്രഭാകർ നിർവഹിച്ചു. ജൂൺ 21 ന് പ്രീലിമിനറി ക്യാമ്പ് നടന്നു. ക്യാമ്പ് ലീഡ് ചെയ്തത് മാസ്റ്റർ ട്രെയ്നർ പ്രകാശ് സർ ആയിരുന്നു.

28-09-2019 ന് നടന്ന സ്കൂൾ ലെവൽ ക്യാമ്പിൽ എല്ലാ ലിറ്റിൽ കൈറ്റ്സും പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ച വെയ്ക്കുകയും ചെയിതു. സ്കൂൾ ലെവൽ ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ച സഹല സലിം, അൽവീന കെ.ജെ, ആവ്ലിൻ ഫില്ലിസ്, ലിഥിയ എന്നീ നാലു കുട്ടികൾ പ്രോഗ്രാമിങ്ങിനും, സനുഷ ഉമേഷ്, ടെനിയ മരിയ, വിനീത, ശബീബ, നാലു കുട്ടികൾ അനിമേഷൻ വിഭാഗത്തിലും സബ് ഡിസ്ട്രിക്ട് ലെവൽ ക്യാമ്പിലേക്ക് സെലക്ട് ചെയ്യപ്പെടുകയും

പങ്കെടുക്കുകയും ചെയ്തു. ഈ ക്യാമ്പിൽ വളരെ മികച്ച പ്രകടനം കാഴ്ചവെച്ച അൽവീന കെ ജെ ഹയർ ലെവൽ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു

അമ്മമാരെ സ്മാർട്ട് അമ്മമാരാക്കനും പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും ടെക്സ്റ്റ് ബുക്കിൽ നൽകിയിരിക്കുന്ന ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുന്നതിനും മറ്റും പ്രാപ്തരാക്കുന്നതിനുമായി നടത്തേണ്ട MPTA യുടെ വിശദാംശങ്ങൾ നൽകുന്നതിനായി 1.10.2019 നടത്തിയ വീഡിയോ കോൺഫറൻസിൽ എല്ലാ ലിറ്റിൽ കൈറ്റ്സും പങ്കെടുക്കുകയും അദ്ധ്യാപകരുടെ സഹായത്താൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ MPTA യിൽ (30.10.2019)അമ്മമാർക്കുള്ള ക്ലാസ് നയിക്കുകയും ചെയിതു. 2019-20 പുതിയ ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനായി നടത്തിയ ഓൺലൈൻ എക്സാമിൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മികച്ച പ്രകടനം നടത്തിയ 29-കുട്ടികൾ സെലക്ട് ചെയ്യപ്പെടുകയും പ്രീലിമിനറി ക്യാമ്പ് നടത്തുകയും ചെയ്തു .ലിറ്റിൽ കൈറ്റ്സ് നമ്മുടെ വിദ്യാലയത്തിൽ മികച്ച രീതിയിൽ പ്രവർത്തനം തുടരുന്നു.

**********

# FREEDOM

I want to be free from all my bandages
Want to be like kite without a hand to control
My limit is the sky which has no limit
I am jealous of you birds and bees
No rules and  directives you all are free
praying to god, please give me a chance
To live the life my own way

Mary Aleena K.J,
IXB

# ADA LOVELACE

Charles Babbage is known as the father of computer. But did you know that it was actually Ada Lovelace who modified Babbage's ideas and paved the way for the modern computer? Now let us read about this remarkable woman.

Born two centuries ago, Ada Lovelace was a pioneer in the field of computer. She wrote the first published computer program. Ada Lovelace recognized for the first time that computers could do much more than just calculations.



Ada was the daughter of the famous poet,Lord Byron and Baroness Anne Isabella Milbanke. She was born on December 10,1815.Her mother, mathematician, wanted Ada to learn science, logic,and mathematics. Ada was a smart and intelligent girl. She found mathematics interesting. She also loved machines. She spent hours looking at diagrams of new machines. She found eagerly devour any new journals she could get her hands on. One of her hobbies was to design boats and steam-powered flying machines. This was encouraged by her mother.

The Baroness made sure that Ada was taught by the best minds in England. Baroness was determined that Ada should have a strong basic in science and mathematics. In those days, there were no places for girls in the United Kingdom's universities. However, girls from wealthy, families could still be educated by private tutors. Ada was also educated at home.

At the age of 19, Ada met Charles Babbage. He was a mathematics professor at Cambridge. They became great friends. At that time, there were no machines to solve long sums.



Babbage had designed a machine that helped people solve long sums quickly. He then wanted to create a machine that could think. Ada worked on the design of the machine. In 1843, she wrote an article describing the machine.

For Babbage, the machine was only a sophisticated calculator. But Ada wanted a machine that was much more than that. It would not just do Math but could also make music. The machine that she dreamt of is the computer we use today.

Charles Babbage is known the father of computers. But the machine was the brainchild of Ada Lovelace. Ada Lovelace died on November 27,1852 at the age of 37.



**- ASNA K .**

**S**

## സുന്ദരമായൊരീ കേരളം



*എന്റെ സുന്ദരമായൊരീ കേരളം*
*പച്ചപ്പുൽ മേട്ട ചേർന്നൊരീ കേരളം*
*ശുദ്ധമായ ജലം ഒഴുകുന്ന നദികളും*
*പുഴകളുമുള്ളൊരീ കേരളം*
*മേഘങ്ങൾക്കൊണ്ടുടുപ്പിട്ട*
*മല, കുന്നുകൾ, മേടുകൾ,*
*ആന, മാൻ, പന്നി, പുലികൾ,*
*പോത്തും ചേർന്നുള്ള കാടുകൾ*
*ദൈവത്തിൻ സ്വന്തം നാട്*
*കേരളം*

*ഹുദാപർവിൻ ,V D*

# നന്മയുടെ നല്ല പാഠങ്ങൾ..


നന്മയുടെ 100 കൊട്ടാരങ്ങൾ

നന്മയുടെ നല്ല പാഠങ്ങൾ പഠിച്ചും പഠിപ്പിച്ചും പാഠ്യപദ്ധതിക്കു പുറത്തെ പാഠങ്ങള്ളിലേക്കു കടന്നുചെന്നു ഔർ ലേഡീസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ സാമൂഹിക പ്രതിബദ്ധതയോടെ വൈവിധ്യമാർന്ന ക്രിയാത്മക പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നു .ഭാവനരഹിതരില്ലാത്ത ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹൗസ് ചാലഞ്ച് പദ്ധതി വൻവിജയമായി മുന്നേറിക്കൊണ്ടിരിക്കുന്നു .ഈ പദ്ധതിയിലൂടെ മനോഹരമായ വീടുകൾ പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചു .മറ്റു 8 ഓളം വീടുകളുടെ നിർമ്മാണം ഭംഗിയായി പുരോഗമിക്കുന്നു .സമൂഹത്തിലെ വിവിധ മേഖലകളിലുള്ള സുമനസുകളുടെ പങ്കാളിത്തത്തോടുകൂടിയാണ് ഇത്രയും വീടുകൾ നിർമ്മിക്കാൻ സാധിച്ചത് . അതോടൊപ്പം കൈപ്പുണ്യം പരിപാടിയിലൂടെ ഈ വിദ്യാലയത്തിലെ അധ്യാപികമാരും വിദ്യാർത്ഥികളും സമാഹരിക്കുന്ന തുകയും ഭവനനിർമ്മാണപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു .ഭിന്നശേഷിക്കാർ ,വിധവകൾ ,രോഗികൾ ,പെൺമക്കൾ മാത്രമുള്ളവർ ,എന്നിവർക്കാണ് മുൻഗണന കൊടുക്കുന്നത് .

ഒരു ഭവനം പണിയുവാൻ സ്വന്തമായി ഒരു തുണ്ടു ഭൂമിപോലുമില്ലാതെ സ്വന്തം നാട്ടിൽ അഭയാർത്ഥികളെപോലെ അലയുന്നവരുടെ വേദന ഒരു തീരാദുഖമായി മാറിയപ്പോൾ ഹൗസ് ചാലെഞ്ച് പദ്ധതിയുടെ ഭാഗമായി 'ഭൂദാനം മഹാദാനം '
പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ ഭാഗമായി എറണാകുളം നഗരത്തിലും പശ്ചിമ കൊച്ചിയുടെ വിവിധ ഇടങ്ങളിലുമായി അഞ്ചു ഭവനങ്ങൾ പണിയുന്നതിനുള്ള ഭൂമി ലഭിച്ചു. ഈ വർഷം ശ്രീ രഞ്ജിത്ത് വർഗീസ് എന്ന മഹത്‌വ്യക്തി നമ്മെ തന്നെ

അത്ഭുതപ്പെടുത്തിക്കൊണ്ട് എറണാകുളം നഗരത്തിന്റെ തന്നെ ഭാഗമായ പുതുവൈപ്പിൽ എഴുപത്തിരണ്ട് സെന്റ് സ്ഥലം നമ്മുക്ക് ദാനമായി നൽകി. ഈ സ്ഥലം ഏറ്റവും അർഹതപ്പെട്ട പതിനാറു കുടുംബങ്ങളുടെ പേരിൽ നാം രജിസ്റ്റർ ചെയിതു കഴിഞ്ഞു . വിദ്യാർത്ഥിനികളിൽ പരിസ്ഥിതി സൗഹൃദജീവിതശൈലി പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാലയത്തിലും വീട്ടുമുറ്റത്തും മട്ടുപ്പാവിലും പച്ചക്കറികൃഷിയും പൂന്തോട്ടവും നട്ടുവളർത്തുന്നു .ഏറ്റവും മികച്ചവ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നു .

ഈ വിദ്യാലയം നടപ്പിലാകുന്ന മറ്റൊരു ആകർഷകമായ പദ്ധതിയാണ് ഫ്രണ്ട് ഓഫ് ഫ്രണ്ട്ലെസ്സ് പ്രൊജക്റ്റ് .'സുഹൃത്തുക്കൾ ആരുമില്ലാത്തവർക്കു സുഹൃത്തായി മാറുക '.ഇതിന്റെ ഭാഗമായി പശ്ചിമകൊച്ചിയുടെയും എറണാകുളം നഗരത്തിന്റെയും വിവിധ ഭാഗങ്ങളിലും അനാഥമന്ദിരങ്ങൾ ,ആശുപത്രികൾ ,രോഗികളായി വീട്ടിൽ കഴിയുന്നവർ എന്നിവരെച്ചെന്നു കണ്ടു അവരോടൊത്തു സമയം പങ്കുവെച്ചു അവർക്കു സമ്മാനങ്ങൾ നൽകി ,അവർ ഒറ്റക്കല്ല കൂട്ടുകാരായി ഞങ്ങളുണ്ട് എന്ന വലിയൊരു സന്ദേശം നിങ്ങളുടെ വിദ്യാർത്ഥിനികൾ അവർക്കു നൽകുന്നു .ഈ വർഷം ഈ പദ്ധതിയുടെ ഭാഗമായി വളരെ പ്രതികൂല സാഹചര്യത്തിലൂടെ കടന്നുപോയ ഒരു സാധു പെൺകുട്ടിക്ക് വിവാഹത്തിനാവശ്യമായ സ്വർണം നല്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു .

ലഹരിക്കെതിരെയുള്ള പോരാട്ടമാണ് ഈ വിദ്യാലയം നടത്തുന്ന മറ്റൊരു ശ്രദ്ധേയമായ ക്രിയാത്മക പ്രവർത്തനം. ഇതിന്റെ ഭാഗമായി ലഹരി ഉപയോഗത്തിന്റെ കേന്ദ്രമായിരുന്ന സാന്തോം കോളനി നമ്മുടെ വിദ്യാർത്ഥിനികളും അധ്യാപകരും ചേർന്ന് സന്ദർശിക്കുകയും നിരന്തരമായ ഇടപെടലിലൂടെ കോളനിയുടെ മുഖഛായ മാറ്റാൻ സാധിച്ചു. ഹൗസ് ചലഞ്ച് പദ്ധതിയിലൂടെ പതിനഞ്ചു ഭവനങ്ങൾ കോളനിയിൽ പണികഴിപ്പിക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുത്തുകൊണ്ട് അച്ചടക്കമുള്ള ഒരു ജീവിത ശൈലിയിലേക്ക് കോളനി വാസികളെ മാറ്റാൻ സാധിച്ചു.

എഫ് എം എം സഭയുടെ സ്ഥാപകയായ മദർ മേരി ഓഫ് ദി പാഷന്റെ നാമധേയത്തിൽ ആരംഭിച്ചിരിക്കുന്ന മമ്മാസ് ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ് ആണ് മറ്റൊരു ക്രിയാത്മക പ്രവർത്തനം. ജീവിത ഭാരം ഒറ്റയ്ക്ക് ചുമക്കേണ്ടി വരുന്ന വിധവകളായ സ്ത്രീകളുടെ പഠിക്കാൻ മിടുക്കികളായ പെണ്മക്കൾക്കുള്ളതാണ് ഈ സ്കോളർഷിപ്. പണമില്ല എന്നതിന്റെ പേരിൽ ഒരു പെൺകുട്ടി പോലും പഠനം പാതി വഴിയിൽ ഉപേക്ഷിക്കാൻ പാടില്ല എന്ന് സ്ത്രീ ശാക്തീകരണത്തിന് എന്നും മുൻതൂക്കം

നൽകുന്ന ഈ പെൺവിദ്യാലയത്തിനു നിർബന്ധമുണ്ട്. MBBS, MBA, BAMS, B.com, +2 എന്നി വിഭാഗങ്ങളിൽ പഠിക്കുന്ന നിരവധി കുട്ടികളെ ഈ സ്കോളർഷിപ് നൽകി സഹായിക്കുന്നു.

അപരന്റെ വേദന ഒപ്പിയെടുക്കാൻ അന്യനു പകുത്തുനൽകാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ ഞങ്ങളുടെ കുട്ടികൾക്ക് കഴിയുന്നു. അങ്ങനെ നാളെ സാമൂഹിക പ്രതിബദ്ധതയുള്ള നല്ല വ്യക്തികളായി ആയിത്തീരാൻ അവർക്കു കഴിയുന്നു....



തോപ്പുംപടി ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നല്ലപാഠം ഹൗസ് ചലഞ്ച് പദ്ധതിയിൽ പൂർത്തിയാക്കിയ 108-ാമത് വീടിന്റെ താക്കോൽ സമർപ്പണം നടൻ ദിനേശ് പ്രഭാകർ നിർവഹിക്കുന്നു. ലില്ലി പോൾ, സിസ്റ്റർ ലിസി ചക്കാലക്കൽ, രൂപ ജോർജ് എന്നിവർ സമീപം.

## ഔവർ ലേഡീസ് സ്കൂൾ 108-ാമത്തെ വീട് കൈമാറി

തോപ്പുംപടി● ഔവർ ലേഡീസ് സ്കൂളിന്റെ നല്ലപാഠം ഹൗസ് ചലഞ്ച് പദ്ധതിയുടെ ഭാഗമായി സുമനസുകളുടെ സഹകരണത്തോടെ പൂർത്തീകരിച്ച 108-ാമത് വീടിന്റെ താക്കോൽ സമർപ്പണം നടൻ ദിനേശ് പ്രഭാകർ നിർവഹിച്ചു.

വരാപ്പുഴ മുട്ടിനകം കണക്കൻപറമ്പിൽ അമ്മിണി ജോസഫിനാണ് വീടു പൂർത്തിയാക്കി നൽകിയത്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടാണ് വിദ്യാലയത്തിലെ പൂർവ അധ്യാപകരുടെ സഹായത്തോടെ പൂർത്തീകരിച്ചത്. സ്കൂൾ ക്ലബുകളുടെ ഉദ്ഘാടനം പ്രകാശ് വി.പ്രഭു നിർവഹിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ലിസി ചക്കാലക്കൽ അധ്യക്ഷത വഹിച്ചു. രൂപ ജോർജ്, ലില്ലിപോൾ, ജെനിവീവ് ജോസഫ്, ബിന്ദു വർഗീസ്, സെറിൻ ഫ്രാൻസിസ്, മമത മാർഗ്രറ്റ് എന്നിവർ പ്രസംഗിച്ചു.

## ഇതാ, ഔവർ ലേഡീസ് സ്കൂളിന്റെ 125-ാം വീട്...

തോപ്പുംപടി▸ പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഒരു സ്കൂൾ ആറുവർഷം കൊണ്ട് നിർമിച്ചത് 125 വീടുകൾ. 125-ാമത്തെ വീടും ഒരു സാധുകുടുംബത്തിന് കൈമാറി ചരിത്രത്തിലേക്ക് ചുവടുവയ്ക്കുകയാണ് തോപ്പുംപടി ഔവർ ലേഡീസ് ഗേൾസ് ഹൈസ്കൂൾ. സ്കൂളിലെ പ്രിൻസിപ്പലായ സിസ്റ്റർ ലിസി ചക്കാലയ്ക്കലിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

കുട്ടികളും രക്ഷിതാക്കളും അധ്യാപകരുമൊക്കെ കൂട്ടിവയ്ക്കുന്ന ചെറിയ തുകകളും സുമനസുകളുടെ സഹായവും ചേർത്താണ് സിസ്റ്ററുടെ നേതൃത്വത്തിൽ വീടുകൾ നിർമിച്ചത്.

ഇതുകൂടാതെ, നിരവധി പേർ സഹായങ്ങൾ എത്തിച്ചു. സ്കൂളിൽ ആറുവർഷം മുമ്പ് തുടങ്ങിയ 'ഹൗസ് ചലഞ്ച്' പദ്ധതി പ്രകാരമാണ് വീടുകൾ നിർമിച്ചത്. പാവങ്ങൾക്ക് നല്ല വീടുകൾ നൽകണമെന്ന കാര്യത്തിൽ സ്കൂൾ അധികൃതർക്ക് നിർബന്ധമുണ്ട്. പേരിനുവേണ്ടി തട്ടിക്കൂട്ട് വീടുകളുണ്ടാക്കാൻ അവർക്ക് താത്പര്യമില്ല. നല്ല ഡിസൈനിൽ കോൺക്രീറ്റ് ചെയ്ത്, നല്ല ടൈലുകൾ പതിച്ച്, അതിമനോഹരമായ വീടുകളാണ് സ്കൂളിന്റെ നേതൃത്വത്തിൽ നിർമിച്ചത്.



▶ തോപ്പുംപടി ഔവർ ലേഡീസ് സ്കൂളിന്റെ നേതൃത്വത്തിൽ നിർമിച്ച 125-ാമത്തെ വീടിന്റെ താക്കോൽ ട്രീസ വിൻസന്റിന് ജോസഫ് പോൾ കൈമാറുന്നു

വിധവകൾ, ഭിന്നശേഷിക്കാർ, രോഗികൾ, ആരുമില്ലാത്തവർ തുടങ്ങിയവർക്കാണ് സ്കൂളിന്റെ നേതൃത്വത്തിൽ വീടുകൾ നൽകിയത്. സ്കൂളിലെ സ്വന്തമായി വീടില്ലാത്ത കുട്ടികൾക്കും വീടുകൾ നൽകുന്നു.


ബെർത്ത് ഡേ ആഘോഷത്തിനും വീട്ടിൽ ചടങ്ങ് നടക്കുമ്പോഴും കുട്ടികൾ പദ്ധതിയിലേക്ക് സഹായങ്ങൾ നൽകും. അത് സ്കൂളിന് ഒരു ശീലമാണിപ്പോൾ. വിവാഹമായാലും മരണാനന്തര ചടങ്ങായാലും ഭവനപദ്ധതിയിലേക്ക് സഹായം നൽകാൻ അധ്യാപകരും മനസുവയ്ക്കുന്നു.

ഐ.ടി. മേഖലയിലൊക്കെ ജോലിചെയ്യുന്ന ചെറുപ്പക്കാർ ആവേശത്തോടെയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് സിസ്റ്റർ ലിസി പറയുന്നു. സ്കൂൾ അധ്യാപിക ലില്ലി പോളും എല്ലാ സഹായങ്ങളുമായി സിസ്റ്റർക്കൊപ്പമുണ്ട്.

സ്കൂളിൽ നടന്ന ചടങ്ങിൽ 125-ാം വീടിന്റെ താക്കോൽ വടുതല സ്വദേശി ട്രീസ വിൻസന്റിന് കൈമാറി. 'വിസ്മയ' ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ ജോസഫ് പോളാണ് താക്കോൽ കൈമാറിയത്. ചടങ്ങിൽ സിസ്റ്റർ ലിസി ചക്കാലയ്ക്കൽ അധ്യക്ഷത വഹിച്ചു. ഫാദർ പോൾ ചെറുപ്പിള്ളി, പി.ടി.എ. പ്രസിഡന്റ് ജോസഫ് സുമിത്, അർജുൻ ഹരി, ലില്ലി പോൾ, ബിന്ദു വർഗീസ് തുടങ്ങിയവർ സംസാരിച്ചു.

*******

# പദപ്രശ്നം




**താഴത്തോട്ട്**

1. സ്നേഹഗായകൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
3. ജ്ഞാനപീഠം അവാർഡ് നേടിയ ആദ്യമലയാളകൃതി?
4. കടത്തു വഞ്ചി എന്നകൃതി?
5. ശ്രി കൃഷ്ണചരിത്രത്തെ ആസ്പദമാക്കി മലയാളത്തിലുണ്ടായ ആദ്യമഹാകാവ്യം?
6. തുള്ളൽ പ്രസ്ഥാനത്തിന്റെ കർത്താവ്?
8. ഉള്ളൂരിന്റെ മഹാകാവ്യം?
9. മലയാളത്തിലെ ഒന്നാമത്തെ നോവൽ?

**വലത്തോട്ട്**

**2. ആരുടെ കൃതിയാണ് ഓടക്കുഴൽ?**

**6. ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന -   താരാണ്?**

**7. തകഴിക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്**
**നേടി കൊടുത്ത പുസ്തകമേത്?**

**8. “കാക്കേ കാക്കേ കൂടെവിടെ".... എന്ന കവിതയുടേ**
**കർക്കാവ്?**

**10. "ഉത്തരാ സ്വയം വര" എന്ന കഥയുടെ കർത്താവ്?**

-Sreya Sudheer
*VIII E*

# FRIEND

A six letter word that gives
a new meaning
Has got me over you leaning
A friend like you is a pillar
of support
For you I will hold a fort
We are destined to be
best friends forever
Your relationship is what
I will never sever

Sheharbhan,VIII c

***

# A NIPPED BUD



My parents planted me
In the garden of love
Ever to bloom
Never to gloom

I grew through
different seasons
A season of spring
Where my dreams started to be a thinker
A season of winter
Where I started to be a thinker
A season of summer
Where my desires grew hotter
A season of autumn
Where withered dreams
found a shelter under the earth

My family was shattered

The nation was scattered
My friends were shocked
The youth were scandaled
I know I can never come back
To life, with me
A family is buried
A society is bruised
A nation is bruted
A generation is dead

I bid you good bye my friends
I know I can never come back
never come to give life
Because you nipped me before I bloomed.

Sr.Moli Devassy,FMM

# TO MY LITTLE SISTER



*You are the best friend I've ever had*
*Your love and care is deeper than the ocean*
*You are like an angel*
*You are the best sister in the world*
*You are a precious jewel.*

Mary Sania Jacob, IX B

# ***BRANCHES OF SCIENCE***

| | | |
|---|---|---|
| Aerobiology | – | study of air |
| Phycology | - | study of algae |
